തൊഴിലില്ലായ്മവേതനം

1040. [1543] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതന പദ്ധതി തുടങ്ങിയതുമുതൽ 1986 സെപ്റ്റംബർ 30 വരെ എത്രപേർക്കു തൊഴിലില്ലായ്മ വേതനം കൊടുത്തിട്ടുണ്ട് ;

(ബി) അവയുടെ ജില്ല തിരിച്ച കണക്കും ഓരോ ജില്ലയിലും നൽകപ്പെട്ട സംഖ്യയും എത്രവീതം ?

ഉത്തരം

(എ) 1982 നവംബർ മുതൽ 1986 സെപ്റ്റംബർ 30 വരെ 208,977 പേർക്കു തൊഴിലില്ലായ്മ വേതനം കൊടുത്തിട്ടുണ്ട്.

(ബി) വേതനം നൽകിയവരുടെയും നൽകപ്പെട്ട സംഖ്യയുടെയും കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

ആലപ്പുഴ ജില്ലയിലെ തൊഴിൽരഹിതർ

1041. [1544] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ 30 വരെ ആലപ്പുഴ ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ രജിസ്റ്റർ ചെയ്ത നിലവിലുള്ള തൊഴിലില്ലാത്തവരുടെ എണ്ണം എത്ര ;

(ബി) ഇതിൽ പുരുഷൻമാരെത്ര ; സ്ത്രീകളെത്ര ;

(സി) എസ്. എസ്. എൽ. സി. പാസ്സായവരെത്ര ;

(ഡി) ഡിഗ്രിക്കാരെത്ര ; ബിരുദാനന്തര ബിരുദം ഉള്ളവരെത്ര ;

(ഇ) എം. ബി. ബി. എസ്. പാസായവരെത്ര ;

(എഫ്) എൻജിനീയറിംഗ് ബിരുദധാരികളെത്ര ;

(ജി) എൻജിനീയറിംഗ് ഡിപ്ലോമാക്കാർ എത്ര ;

(എച്ച്) ഐ. ടി. ഐ. പാസായവരെത്ര ;

(ഐ) ഡി.എച്ച്. എം. എസ്. പാസായവരെത്ര ;

ഉത്തരം

(എ) 235, 485 പേർ.

(ബി) പുരുഷൻമാർ—111,274 പേർ, സ്ത്രീകൾ 124,211 പേർ.

(സി) 113,957 പേർ.

(ഡി) ഡിഗ്രിക്കാർ—6,554 ബിരുദാനന്തര ബിരുദം ഉള്ളവർ—673 പേർ.

(ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly